DIGITAL ASHA YEIN



All India ASHA WORKERS CONVENTION
എത്ര എളുപ്പത്തിലാണ് നമ്മൾ ഇപ്പോൾ ഇത്രയധികം ആളുകളുമായി ബന്ധപെടുന്നത് എന്നത് അത്ഭുതം തന്നെയല്ലേ?

കമലാ
(രാജസ്ഥാൻ)
ഞാൻ ഇപ്പോൾ തന്നെ വാട്സ്ആപ്പിൽ ഒരു ഗ്രൂപ്പ് ഉണ്ടാക്കി നമ്മുടെ എല്ലാ ഫോട്ടോകളും അതിൽ ഷെയർ ചെയ്യുന്നതാണ്.
വാട്സാപ്പ് നാലൊരു ആശയമായിട്ടാണ് തോന്നുന്നത്. ഈയിടെയായി ഞാൻ വാട്സപ്പിലാണ് അധികവും.
നിങ്ങൾ ചെറുപ്പക്കാർ സാങ്കേതികവിദ്യയിൽ വളരെ മുന്നിലാണ്. നിന്റെ പ്രായമാണ് എന്റെ മകൾ കമലയ്ക്ക്. അവളാണ് എന്നെ ഇതൊക്കെ പഠിപ്പിക്കുന്നത്.
എനിക്ക് തോന്നും ഞാൻ ഇപ്പഴും രണ്ടു സ്റ്റെപ് പുറകിലാണെന്ന്.
ലെയിൻ്റ്
(മേഘാലയ)
മരിയ
(കേരളം)
ശരിയാണ്! ഡിജിറ്റൽ അപ്പുകളുമായി പരിചിതമാവാൻ ഞാൻ ഒരുപാട് പ്രയാസപ്പെട്ടു. ഇപ്പോൾ ഞാൻ ഒരുപാട് മെച്ചപ്പെട്ടിട്ടുണ്ട്.

ഞാൻ ഹരിയാനയിലെ ഒരു ഗ്രാമത്തിൽ നിന്നാണ് വരുന്നത്. **എനിക്ക് ഒരു സ്മാർട്ട് ഫോൺ കിട്ടിയപ്പോൾ, വീട്ടിൽ എല്ലാവരും എന്നെക്കുറിച്ചോർത്തു അഭിമാനിച്ചു.**

രാജ് ബാല
(ഹരിയാന)

എനിക്ക് ഇനി പലതും ചെയ്യാനാകുമെന്ന് എനിക്കും തോന്നി.

ഇപ്പോൾ വീട്ടിലിരുന്നും ഡിജിറ്റൽ ജോലി ചെയ്യുന്ന തിരക്കിലാണ് ഞാൻ.

നിങ്ങൾക്ക് അറിയാമോ, കുറച്ചു സ്ത്രീകൾക്ക് സ്വന്തമായി ഒരു ഫോൺ ഉണ്ടാവുക ശരിക്കും അത്ഭുതപ്പെടുത്തുന്ന കാര്യം തന്നെയാണ്. ഞാനൊരു ആശ വർക്കർ ആയപ്പോൾ, **വീട്ടിലെ മുതിർന്നവർ പറയുമായിരുന്നു, ഇന്റർനെറ്റും യു ട്യൂബും എന്നെ കേടുവരുത്തുമെന്നും,** അതുകൊണ്ടു ചെറുപ്പകാരികൾ അത് ഉപയോഗിക്കരുതെന്നും.

മേഘാലയയിലെ **ലിംഗമാനദണ്ഡങ്ങൾ** മറ്റിടങ്ങളിലെപോലെ അത്ര കർശനമല്ല. മൊബൈൽ ഫോണുകളുടെ കാര്യത്തിൽ, **സ്ത്രീകൾ നിശ്ചിത സമയങ്ങളിൽ മാത്രമേ ഉപയോഗിക്കാവൂ** എന്ന ഒരു പഴയ ആശയമുണ്ട്.

ഹാ! ഞാൻ ഒരു ദലിത് കുടുംബത്തിൽ നിന്നാണ് വരുന്നത്. എന്റെ കുടുംബത്തിലെ സ്ത്രീകൾ ഒരിക്കലും സ്മാർട്ട് ഫോൺ തൊട്ടിട്ടില്ല. അവരെ അനുവദിക്കാറില്ല എന്നു വേണം പറയാൻ.
പൊതുസ്ഥലങ്ങളിൽ വളരെ ശ്രദ്ധിച്ച് മാത്രമേ എനിക്കു ഫോണ് ഉപയോഗിക്കാന് സാധിക്കുമായിരുന്നുള്ളൂ. അത്യാവശ്യമുള്ള കോളുകൾക്ക് മാത്രമേ ഞാൻ ഉത്തരം നൽകാറുള്ളൂ. ഇപ്പോൾ പോലും ഞാൻ പൊതുസ്ഥലത്ത് ഫോൺ ഉപയോഗിക്കുമ്പോൾ ആളുകൾ പറയും,
'ചെവിയില് ഫോണുമായി അവള് നടക്കുന്നതെങ്ങനെയെന്ന് നോക്കൂ.'
സത്യാണോ!!
നാമെല്ലാവരും ഞങ്ങളുടെ ജോലി ചെയ്യാൻ ശ്രമിക്കുന്നു, എന്നിട്ടും ആളുകൾ ഞങ്ങളെ കുറ്റപ്പെടുത്താന് ഓരോരോ കാരണങ്ങൾ കണ്ടെത്തുന്നു.

മേഘാലയ

മേഘാലയയിൽ സ്മാർട്ട് ഫോണിന്റെ ഉപയോഗം പരിമിതമാണ് 34.7 ശതമാനം സ്ത്രീകളും 41.2 ശതമാനം പുരുഷന്മാരും ഇന്റർനെറ്റ് ഉപയോഗിക്കുന്നു. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ സാങ്കേതികവിദ്യയുടെ ഉപയോഗത്തിലെ ലിംഗപരമായ അസമത്വം കുറവാണ്.

രാജസ്ഥാൻ

സാങ്കേതികവിദ്യയുടെ ഉപയോഗം പരിമിതപ്പെടുത്തുന്ന ലിംഗപരമായ മാനദണ്ഡങ്ങൾ കാരണം 10-12% സ്ത്രീകൾക്ക് മാത്രമാണ് ഫോൺ ഉള്ളത്.

ഹരിയാന

ഹരിയാനയിൽ ആശാ വർക്കർമാർ 2014 ൽ ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗിക്കാൻ തുടങ്ങി, 2021 ഓടെ ദലിത്, ഒബിസി ആശാ വർക്കർമാർക്കിടയിൽ സ്മാർട്ട്ഫോൺ ഉപയോഗത്തിൽ ഗണ്യമായ വർദ്ധനവുണ്ടായി.

കേരളം

കേരളത്തില് *95* ശതമാനം ആളുകളും മൊബൈല് ഫോണ് ഉപഭോക്താക്കളാണ്, അവരില് *62* ശതമാനം സ്മാർട്ട് ഫോണ് ഉപയോഗിക്കുന്നു, സാങ്കേതികവിദ്യയുടെ കാര്യത്തിലെ ഏറ്റവും കുറഞ്ഞ ലിംഗ വിവേചനമാണിത്

ഹലോ മാഡംസ്! എന്റെ പേര് സോഹം, ഡിജിറ്റൽ ടാസ്ക്കുകളെക്കുറിച്ചുള്ള നിങ്ങളുടെ സംസാരം ഞാൻ കേള്ക്കുന്നുണ്ടായിരുന്നു, ഞാൻ കൂടെ കൂടാം. **ഡിജിറ്റൽ സാങ്കേതികവിദ്യയാണ് വികസിത ഭാരതിന്റെ ഭാവി.** നാം ആഗോള നേതാക്കളാകും. **നിങ്ങളും അത് സ്വീകരിക്കണം.**

നിനക്കറിയോ, അത് നീ വിചാരിക്കുന്നത്ര ലളിതമല്ല മോനേ. ഞങ്ങള് ഒരുപാട് വെല്ലുവിളികള് നേരിടുന്നുണ്ട്. ആദ്യം തന്നെ പറയാം , **ഗ്രാമീണ മേഘാലയയിൽ കണക്റ്റിവിറ്റി ഒരു വലിയ പ്രശ്നമാണ്.**

ഡൗൺലോഡ് ചെയ്യേണ്ട എല്ലാ അപ്ലിക്കേഷനുകളും ലഭിക്കുന്ന ഒരു നല്ല സ്മാർട്ട് ഫോൺ പലർക്കും ഇല്ല.

ശരിയായ പരിശീലനം ലഭിക്കാത്തതിനാൽ എന്റെ തലമുറയിലെ ആശാ **വർക്കർമാർക്ക് ഇത് ഉപയോഗിക്കാനും നല്ല ബുദ്ധിമുട്ടാണ്.** സ്മാർട്ട്ഫോണുകളും സാങ്കേതികവിദ്യയും കൈകാര്യം ചെയ്യുന്നത് വലിയ വെല്ലുവിളിയാണ്.



ഞങ്ങളുടെ പക്കലുള്ള ഫോണുകളുടെ വില *5000-6,000* മാത്രമാണ്. ഞങ്ങൾക്ക് ശമ്പളമായി ലഭിക്കുന്നത് എന്താണെന്ന് നിങ്ങൾക്കറിയാമോ? മാസം *7000* രൂപ.

ഹരിയാനയിൽ, 2021 ൽ ഞങ്ങൾക്ക്
ഓണ്‌ലൈന് ജോലി നിരോധിക്കുക, ഇല്ലെങ്കില് കൂടുതല് ശമ്പളം നല്കുക
എന്ന മുദ്രാവാക്യമുയര്ത്തി ഒരു പണിമുടക്ക് നടത്തേണ്ടിവന്നു. അതിനു ശേഷം ഹരിയാന സർക്കാർ ഞങ്ങൾക്ക് സൗജന്യമായിസ്മാർട്ട്ഫോണുകളും ഡാറ്റയുംനൽകി തുടങ്ങി.

സോഹംജി, ഇനി നിങ്ങളുടെ പ്രസന്റേഷന് ആണ്. ഡിജിറ്റൽ സാങ്കേതികവിദ്യയെക്കുറിച്ചും അത് ആശാ വർക്കർമാരുടെ പ്രവർത്തനത്തെ എങ്ങനെ സഹായിക്കുമെന്നതിനെക്കുറിച്ചും അറിയാന് ഞങ്ങൾക്കു താത്പര്യമുണ്ട്
എനിക്കൊരു നല്ലഐഡിയ തോന്നുന്നു

നിങ്ങളുടെ ഡിജിറ്റൽ, സാങ്കേതിക അനുഭവങ്ങളെക്കുറിച്ച് ആശാ വർക്കർമാരില് നിന്നു തന്നെ കേള്ക്കാം

കേരളത്തിന്റെ അനുഭവം പറയാം.

നിപ, പ്രളയം, കൊവിഡ് കാലത്ത്
പോലും നമ്മുടെ സംസ്ഥാനം ഡിജിറ്റലൈസേഷനെക്കുറിച്ച് വളരെ നേരത്തെ ചിന്തിച്ചിരുന്നുവെന്ന് എനിക്ക് പറയുവാന് പറ്റും.

ഞങ്ങൾ ഡിജിറ്റൽ സർവേകൾ **നടത്തുകയും** ഡിജിറ്റൽ ഒപിഡികൾക്ക് **മേൽനോട്ടം വഹിക്കുകയും ചെയ്തു.** ടെലിമെഡിസിൻ ഉപയോഗിച്ച് രോഗികളുമായി ഞങ്ങൾ ചാറ്റുകളും നടത്തുന്നു. ഞങ്ങൾ ഇപ്പോൾ ശൈലി ആപ്പ് ഉപയോഗിക്കുന്നു.

എന്താണ് ശൈലി ആപ്പ്?

2022ൽ കേരളത്തിലെ ജനങ്ങൾക്കിടയിൽ ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനുമായി കേരള സർക്കാർ പുറത്തിറക്കിയ ആൻഡ്രോയിഡ് ആപ്ലിക്കേഷൻ ആണ് 'ശൈലി'.

പ്രമേഹം

ഉയർന്ന രക്തസമ്മർദ്ദം

ഹൃദ്രോഗം

ശ്വാസകോശ രോഗങ്ങൾ

ജീവിതശൈലിയുമായി ബന്ധപ്പെട്ട അസുഖങ്ങൾ

അർബുദം

എന്നിവയെക്കുറിച്ചുള്ള ഡാറ്റ ശേഖരിക്കുന്നതിന് ഞങ്ങൾ ഇപ്പോൾ ഷൈലി ആപ്പ് ഉപയോഗിക്കുന്നു

Shaili App

2014 ൽ ആശാ സോഫ്റ്റ് ആപ്ലിക്കേഷനും 2023 ൽ പിസിടിഎസ് അപ്ലിക്കേഷനും പുറത്തിറക്കിയ രാജസ്ഥാൻ ആണ് ഡിജിറ്റലൈസേഷനി ലെ തുടക്കക്കാരി.

സംസ്ഥാനത്തെ അമ്മമാരെയും കുട്ടികളെയും ട്രാക്കുചെയ്യാൻ 2023 ൽ ഞങ്ങൾ പിസിടിഎസ് ആപ്ലിക്കേഷൻ ഉപയോഗിക്കാൻ തുടങ്ങി. ഇത് ഞങ്ങളുടെ സുഹൃത്തായി മാറി, ഇത് വളരെ ഉപയോഗപ്രദമാണ്.

ഉദാഹരണത്തിന്, ഈ ഫീച്ചർ നോക്കൂ. ഞങ്ങളുടെ എല്ലാ ജോലികളും ഇത് വഴി ട്രാക്കുചെയ്യാൻ കഴിയും, ഇത് ഞങ്ങളുടെ **രോഗപ്രതിരോധ പരിപാടികൾ** കാര്യക്ഷമമായി നടത്താൻ സഹായിക്കുന്നു.

എല്ലാ ഡാറ്റയും ശിവസേന ഇതിൽ രേഖപ്പെടുത്തുന്നു. **ഓരോ സ്ത്രീയുടെയും കുട്ടിയുടെയും ഡാറ്റയും ഞങ്ങൾ നൽകുന്ന സേവനങ്ങളും നിരീക്ഷിക്കാൻ** ബ്ലോക്ക്, ജില്ലാ തലങ്ങളിലെ ഞങ്ങളുടെ മേലുദ്യോഗസ്ഥരെ ഇത് സഹായിക്കുന്നു.

തീർച്ചയായും വാട്ട്സ്ആപ്പ് ഉപയോഗിക്കാറുണ്ട് കേട്ടോ, അത് ഞങ്ങളുടെ ധാരാളം കമ്മ്യൂണിറ്റി ജോലികള് എളുപ്പമാക്കുന്നു. രോഗപ്രതിരോധപ്രവർത്തനങ്ങളെക്കുറിച്ച് നമുക്ക് ഇപ്പോൾ സന്ദേശങ്ങൾ അയയ്ക്കാൻ കഴിയും

ASHA Soft
The Online Payment and Monitoring System

ഞങ്ങൾ നൽകുന്ന എല്ലാ സേവനങ്ങളും ഞങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളും ഉൾക്കൊള്ളുന്ന മറ്റൊരു ആപ്ലിക്കേഷൻ ആയ ആശാ സോഫ്റ്റ് ഞാൻ നിങ്ങൾക്ക് കാണിച്ചുതരാം. നമ്മുടെ പെയ്മെന്റിനെ പറ്റിയും ഇതില് അറിയാം.

വാട്ട്സപ്പ് ഒരു വലിയ സഹായമാണ്. ക്യാമ്പുകൾ, രോഗപ്രതിരോധ കുത്തിവയ്പ്പ് മുതലായവയെക്കുറിച്ചുള്ള സ്റ്റാറ്റസ് ഞങ്ങൾ വാട്ട്സ്ആപ്പിൽ ഇടുന്നു, ആളുകൾ അവ കാണുകയും അത്തരം പരിപാടികള്ക്ക് വരികയും ചെയ്യുന്നു. വാട്ട്സ്ആപ്പ് നമുടെ യാത്രകള് കുറെ കുറയ്ക്കാന് സഹായിക്കും.

മറ്റ് ആശാ വർക്കർമാരുമായി ആശയവിനിമയം നടത്താൻ ഞങ്ങൾ വാട്ട്സ്ആപ്പ് വ്യാപകമായി ഉപയോഗിക്കുന്നു:



ഹരിയാനയിൽ, ആശാപേ ആപ്ലിക്കേഷൻ ഉപയോഗിച്ച് പേയ്മെന്റുകൾ എളുപ്പത്തില് ട്രാക്ക് ചെയ്യാന് സാധിക്കും, ഇത് ഒരു നല്ല കാര്യമാണ്.

പക്ഷേ, എല്ലാം അത്ര രസകരമല്ല.

ഉദാഹരണത്തിന്, കിബി, എൻസിഡി സർവേകൾ പോലുള്ള നിരവധി ഡിജിറ്റൽ സർവേകൾ നടത്താൻ ഇപ്പോൾ ഞങ്ങളോട് ആവശ്യപ്പെടുന്നു. ആദ്യം, ഞങ്ങൾ എല്ലാം പേപ്പറിൽ റെക്കോർഡ് ചെയ്യണം, തുടർന്ന് അത് ആപ്പില് എന്റർ ചെയ്യണം.

അതോടെ എന്റെ ജോലിഭാരം വർദ്ധിച്ചു. മിക്ക ദിവസങ്ങളിലും ഞാൻ രാത്രി ഏറെ വൈകിയും ജോലി ചെയ്യുന്നു, ചിലപ്പോൾ പുലർച്ചെ 2 മണി വരെ.

വർദ്ധിച്ചുവരുന്ന ഈ ഡിജിറ്റൽ സർവേകൾ ഞങ്ങൾ ആശാ വർക്കർമാർക്ക് **സമൂഹവുമായി ശക്തമായ ബന്ധം** നിലനിർത്തുന്നത് ബുദ്ധിമുട്ടാക്കുന്നുണ്ട്.

അവശ്യമായ **കമ്മ്യൂണിറ്റി പ്രവർത്തനങ്ങളിൽ** നിന്ന് അവർ ഞങ്ങളെ അകറ്റുകയാണ്. ഞാൻ എന്റെ കമ്മ്യൂണിറ്റിക്കൊപ്പം ചെലവഴിക്കേണ്ട സമയം ഇപ്പോൾ ഡിജിറ്റൽ സർവേകൾക്കു വേണ്ടി ഉപയോഗിക്കുന്നു.

എന്റെ വാർഡിൽ ഒരു പ്രായമായ സ്ത്രീയുണ്ട്. **എന്നോട് സംസാരിച്ചതിനുശേഷം അവൾക്ക് എന്തൊരു ആശ്വാസം തോന്നിയെന്നോ.** എന്നാൽ ഈ ജോലിഭാരം കാരണം, അവളോടൊപ്പം ഇരിക്കാൻ എനിക്ക് സമയം ലഭിക്കുന്നില്ല.

കൂടാതെ ഈ ഡിജിറ്റൽ സർവേകൾ ആശാ വർക്കർമാരും കമ്മ്യൂണിറ്റിയും തമ്മിൽ വിശ്വാസ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

ഡിജിറ്റൽ ജോലികൾ കൂടുതൽ സമയമെടുക്കും. ശമ്പളമുള്ള മറ്റ് ജോലികൾ, ശമ്പളമില്ലാത്ത വീട്ടുജോലി, കുടുംബ സമയം എന്നിവയ്ക്കായി നീക്കിവച്ചിരിക്കുന്ന സമയം അങ്ങനെ പോയിക്കിട്ടും.

അതെ! ഡിജിറ്റൽ ജോലികളിൽ ഭൂരിഭാഗവും ശമ്പളമില്ലാത്ത ജോലികളാണ്. സർക്കാർ കരുതുന്നത് **'സൗജന്യമായി ജോലി ചെയ്യാൻ തയ്യാറുള്ള ഒരു സ്ത്രീയാണല്ലോ, അത് കൊണ്ട് അവരെ കഴിയുന്നത്ര പണിഎടുപ്പിക്കാം എന്നാണ്'**

നാം അദൃശ്യരും തിരിച്ചറിയപ്പെടാത്തവരും കുറഞ്ഞ വേതനം ലഭിക്കുന്നവരുമാണ്.

അപ്പോൾ നിങ്ങൾ പറയുന്നത് സാങ്കേതികവിദ്യ അത്ര മോശമൊന്നുമല്ല, അല്ലേ? പക്ഷേ, ചില പ്രശ്നങ്ങളുണ്ട്!

ഞങ്ങൾ സാങ്കേതികവിദ്യയ്ക്കും ഡിജിറ്റൈസേഷനും എതിരല്ല.

ഞാൻ പറഞ്ഞതുപോലെ, **പിസിടിഎസും ആശാ സോഫ്റ്റ് അപ്ലിക്കേഷനും ഞങ്ങളുടെ** ജോലി എളുപ്പമാക്കാൻ രൂപകൽപ്പന ചെയ്തതാണ്. കൂടുതൽ സുതാര്യതയുമുണ്ട്.

ഇത് ഒരു **ഡാറ്റാ ശേഖരണ ഉപകരണമായി** ഉപയോഗിക്കുമ്പോൾ അത് ഞങ്ങൾക്ക് ഒരു വെല്ലുവിളിയായി മാറുന്നു.

അതുപോലെ ഞങ്ങളെ **ഡാറ്റാ ശേഖരിക്കുന്ന ഏജന്റുമാരായി മാത്രം കാണുമ്പോഴും.** ഞങ്ങൾ ഇപ്പോൾ 24 മണിക്കൂറും ജോലി ചെയ്യുന്നവരായി. ഏത് ഉദ്യോഗസ്ഥനും എപ്പോൾ വേണമെങ്കിലും ഞങ്ങളിൽ നിന്ന് ഡാറ്റ ആവശ്യപ്പെടാം എന്ന അവസ്ഥയാണ്.

എന്നെ സംബന്ധിച്ചിടത്തോളം, പേപ്പർ മാത്രം ഉപയോഗിക്കുന്നത് വളരെ എളുപ്പമായിരുന്നു. പേയ്മെന്റുകൾക്കായി ഞങ്ങൾ പലപ്പോഴും **ആശാ ഫസ്റ്റ് അപ്ലിക്കേഷൻ** ഉപയോഗിക്കുന്നില്ല, പകരം **ആശാ ഫെസിലിറ്റേറ്റർമാരെയും എഎൻഎമ്മുകളെയും ആശ്രയിക്കുന്നു.** ഡിജിറ്റലിലേക്ക് മാറുക എന്നത് കഠിനമാണ്, പക്ഷേ അത് ചെയ്തല്ലേ പറ്റൂ.

വീടുകൾ സന്ദർശിക്കുമ്പോൾ കുഞ്ഞുങ്ങളുടെ തൂക്കം പരിശോധിക്കുമ്പോള് ഗർഭിണികളുമായി സംസാരിക്കുമ്പോള് എല്ലാം ഫോട്ടോ എടുക്കണം. ഫോൺ എങ്ങനെ നന്നായി ഉപയോഗിക്കണമെന്ന് എനിക്ക് അറിയില്ലായിരുന്നു, അതിനാൽ ഞാൻ എല്ലാം പേപ്പറിൽ എഴുതുകയും അത് അയയ്ക്കാൻ ആരോടെങ്കിലും സഹായം ആവശ്യപ്പെടുകയും ചെയ്യും.

ഉം, എനിക്കു മനസിലായി. ഈ മാറ്റം ശരിക്കും കഠിനമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ഓരോ സംസ്ഥാനത്തും സാധ്യമായ ഏറ്റവും മികച്ച പരിശീലനം നൽകാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് എനിക്ക് ഉറപ്പുണ്ട്.

സോഹം, ഇത് പുതിയ സാങ്കേതികവിദ്യയുമായി പൊരുത്തപ്പെടുന്നതിന്റെ പ്രശ്നം മാത്രമല്ല. ആശാ വർക്കർമാർക്ക് പലപ്പോഴും **കുറഞ്ഞ പരിശീലനം** മാത്രമേ ലഭിക്കുന്നുള്ളൂ.

ഉദാഹരണത്തിന്, പിസിടിഎസ് അപ്ലിക്കേഷനിൽ ഞങ്ങൾക്ക് രണ്ട് ദിവസത്തെ പരിശീലനം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതും സാധാരണയായി വലിയ ഗ്രൂപ്പുകളിലാണ് നടത്താറുള്ളത്.

നമ്മിൽ ഭൂരിഭാഗവും പരസ്പരം ചോദിച്ചോ അല്ലെങ്കിൽ ഓരോന്ന് സ്വയം പരീക്ഷിച്ചോ, ചിലപ്പോൾ നമ്മുടെ കുട്ടികളിൽ നിന്നോ കുടുംബാംഗങ്ങളിൽ നിന്നോ ആണ് പഠിക്കുന്നത്.

ചെറുപ്പക്കാരായ ആശാ വർക്കർമാർക്ക് ഇതൊക്കെ പഠിക്കാന് എളുപ്പമാണ്, പക്ഷേ 50 വയസ്സിന് മുകളിലുള്ളവർക്ക് ഇത് ഒരു പോരാട്ടമാണ്.

അപ്ലിക്കേഷനുകൾക്കൊപ്പം, മറ്റ് ഡിജിറ്റൽ സാക്ഷരതാ സ്കില്ലുകളും ഞങ്ങൾക്ക് നൽകേണ്ടത് പ്രധാനമാണെന്ന് ഞാൻ കരുതുന്നു.

സ്മാർട്ട്ഫോണുകൾ ഉപയോഗിക്കുമ്പോള് നമ്മെ സംശയത്തോടെ നോക്കുന്ന ആളുകളോട് അത് നമ്മുടെ ജോലിയുടെ അത്യാവശ്യ ഭാഗമാണെന്ന് ആരാണ് പറയുക?

അതെ, പിസിടിഎസിന് പുറമെ, മറ്റ് ആപ്ലിക്കേഷനുകൾക്കോ ഡിജിറ്റൽ സർവേകൾക്കോ സാധാരണയായി മതിയായ പരിശീലനം ലഭിക്കാറില്ല. വാട്ട്സ്ആപ്പിൽ അപ്ലിക്കേഷനുകളിലേക്കുള്ള അടിസ്ഥാന നിർദ്ദേശങ്ങള് അടങ്ങിയ ലിങ്കുകൾ ഞങ്ങൾക്ക് പലപ്പോഴും ലഭിക്കുന്നു, പക്ഷേ അത് പര്യാപ്തമല്ല.

കേരളത്തിലും അങ്ങനെ തന്നെ. ഡിജിറ്റൽ സാക്ഷരതാ ശ്രമങ്ങളും **അക്ഷയ കേന്ദ്രങ്ങളിലൂടെ** ഡിജിറ്റൽ നൈപുണ്യ പരിശീലനവും കൊണ്ട് കേരളത്തിൽ പുരോഗതി ഉണ്ടായിട്ടുണ്ട്. എന്നാൽ സത്യസന്ധമായി പറഞ്ഞാൽ, ഇപ്പൊഴും ഒരുപാട് ബുദ്ധിമിട്ടുകള് നേരിടുന്നുണ്ട്.

സൂം വഴിയുള്ള ഒരൊറ്റ പരിശീലന സെഷനിൽ 100 ആളുകൾക്ക് ആവശ്യമായ വ്യക്തിഗത ശ്രദ്ധ എങ്ങനെ നല്കാന് കഴിയും?

മേഘാലയയിൽ ഞങ്ങൾ ഭൂരിഭാഗം പേരും വാട്സാപ്പ് മാത്രമാണ് ഉപയോഗിക്കുന്നത്. ചുരുക്കം ചിലർക്ക്മാത്രമേ മറ്റുള്ള ആപ്പുകൾ ഉപയോഗിക്കാനറിയു

ഭാഷാപരമായ ഒരു പ്രശ്നവുമുണ്ട്. മേഘാലയയിൽ ആളുകൾ **ഖാസി, ഹിന്ദി, ഇംഗ്ലീഷ്** എന്നീ ഭാഷകളാണ് സംസാരിക്കുന്നത്. എന്നാൽ എല്ലാ പരിശീലനങ്ങളും ഖാസിയിലാണ് ലഭിക്കുക. അതുകൊണ്ടു തന്നെ ഞങ്ങളിൽ അധികം പേർക്കും കാര്യങ്ങൾമനസിലാവാതെ പോകുന്നു.

അവർ മൊബൈൽ കൈയിൽ തന്നിട്ട്, "നിങ്ങൾ ഇവിടെ അമർത്തു... നിങ്ങൾക്ക് ഇത് ഇഷ്ടമാകും.... തീർന്നു." തിരിച്ചു വീട്ടിലെത്തിയിട്ട് ചെയ്യാൻ നോക്കുമ്പോൾ, ഞാൻ കുഴങ്ങിപ്പോകുന്നു. അടുത്ത് എന്തു ചെയ്യണമെന്ന് എനിക്കറിയില്ല.

ഡിജിറ്റൽ സാങ്കേതികവിദ്യയിൽ ഉത്കണ്ഠപ്പെടുത്തുന്ന മറ്റൊരു കാര്യമുണ്ട്.

ഞങ്ങൾ ഡിജിറ്റൽ അതിക്രമം നേരിട്ടിരിക്കുന്നു.

അതെ! ലൈംഗികത ഉളവാകുന്ന സന്ദേശങ്ങൾ എനിക്ക് കിട്ടിയിട്ടുണ്ട്.

എന്റെ ചില സഹപ്രവർത്തകർക്ക് ഞങ്ങൾ ശ്രദ്ധിക്കുന്ന സ്ത്രീകളുടെ ഭർത്താക്കന്മാരിൽ നിന്ന് ദേഷ്യംപിടിച്ച കോളുകൾ വന്നിട്ടുണ്ട്. ഇക്കാരണത്താൽ ഒരു യുവ ആശാ സഹോദരി ജോലി ഉപേക്ഷിക്കാൻ തീരുമാനിച്ചു. ഞങ്ങൾ ആണ് അവളെ പിന്തിരിപ്പിച്ചത്.
അത് കേട്ടതിൽ ഞാൻ ഖേദിക്കുന്നു, രാജ്ബാല. നിങ്ങൾ വളരെ പ്രധാനപ്പെട്ട ജോലിയാണ് ചെയ്യുന്നത്, ഈ തടസ്സങ്ങളെ നിങ്ങൾ ഒറ്റയ്ക്ക് അഭിമുഖീകരിക്കേണ്ടതില്ല.
ഈ സംഭാഷണം എനിക്ക് ചിന്തിക്കാൻ ധാരാളം ഇടം നൽകി. ഞങ്ങൾ ഡിജിറ്റൽ സാങ്കേതികവിദ്യകളും ആപ്ലിക്കേഷനുകളും രൂപകൽപ്പന ചെയ്യുമ്പോൾ എന്തുകൊണ്ടാണ് ആശാ വർക്കർമാരെ ഉൾപ്പെടുത്താത്തതെന്ന് ഞാൻ ചിന്തിക്കുകയാണ്.
ആരോഗ്യസംരക്ഷണ മേഖലയ്ക്കായി ആപ്ലിക്കേഷനുകൾ നിർമ്മിക്കുമ്പോൾ എന്നെപ്പോലുള്ള സാങ്കേതിക വിദഗ്ധർ മനസ്സിൽ സൂക്ഷിക്കേണ്ടതെന്താണെന്ന് ഞാൻ നിങ്ങളോട് ചോദിച്ചാൽ നിങ്ങൾ എന്ത് പറയും?

സോഹം, കമ്മ്യൂണിറ്റി വർക്ക് എന്റെ അഭിമാനമാണ്. എനിക്ക് വളരെ കുറവ് ശമ്പളം ലഭിക്കുന്നു, ചിലപ്പോൾ വളരെ വൈകി. എന്നിട്ടും ഞാൻ ഇത് ചെയ്യുന്നു, കാരണം ഇത് എന്റെ പാഷന് ആണ്. ഞാൻ ജോലി ചെയ്യുന്ന കമ്മ്യൂണിറ്റിയുമായി സാങ്കേതികവിദ്യ എന്നെ കൂടുതൽ അടുപ്പിക്കണം.

ആരോഗ്യവും നമ്മുടെ പേയ്മെന്റുകളുമായി ബന്ധപ്പെട്ട വൈവിധ്യമാർന്ന കാര്യങ്ങൾ ട്രാക്കുചെയ്യാൻ ഡിജിറ്റൽ സാങ്കേതികവിദ്യ ഞങ്ങളെ സഹായിക്കുകയാണെങ്കിൽ അത് ഗുണം ചെയ്യുമെന്ന് മരിയയുടെയും കമലയുടെയും അനുഭവത്തിൽ നിന്ന് എനിക്കു മനസിലായി.

സാങ്കേതികവിദ്യ നമ്മുടെ ജോലിഭാരം കുറയ്ക്കുന്നതായിരിക്കണം, അല്ലാതെ വർദ്ധിപ്പിക്കുന്നതാകരുത്.

ഡിജിറ്റൽ സാങ്കേതികവിദ്യ **തൊഴിലാളി കേന്ദ്രീകൃതമായിരിക്കണമെന്ന്** ഞാൻ പറയും

തൊഴിലാളി കേന്ദ്രീകൃതമെന്നതു കൊണ്ട് നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത്?

1. എന്റെ മറ്റ് സഹോദരിമാർ ഇവിടെ പറഞ്ഞതുപോലെ, ഇത് ഞങ്ങളുടെ ജോലികൾ എളുപ്പമാക്കുകയും ഞങ്ങൾക്കും സമൂഹത്തിനും സുതാര്യമായിരിക്കുകയും വേണം.

2. കൂടുതൽ വ്യക്തിഗതമായ ചെറിയ ഗ്രൂപ്പുകളിൽ സമയബന്ധിതവും ഉചിതവുമായ ഡിജിറ്റൽ പരിശീലനം നല്കണം.

3. പ്രായമായ ആശാ പ്രവർത്തകരെ മനസ്സിൽ വച്ചുകൊണ്ട് പരിശീലനത്തിന് പ്രത്യേക വ്യവസ്ഥകൾ ഏർപ്പെടുത്തണം.

4. ഡിജിറ്റൽ സാക്ഷരത കുറവുള്ളവരിൽ ശ്രദ്ധ കേന്ദ്രീകരിക്കണം.

ശരി. പരിശീലനങ്ങൾ കൂടുതൽ വ്യക്തിഗതമാക്കേണ്ടതുണ്ട്. ആശാ വർക്കർമാർക്ക് എളുപ്പത്തിലെത്താന് സാധിക്കുന്നിടത്ത് വച്ച് വേണം അത് നടത്താന്.

സംസ്ഥാനത്തെ ഭാഷകളിലെ വ്യത്യാസങ്ങൾ കണക്കിലെടുക്കണം.

ഞാൻ പറയുകയാണെങ്കില്, ഞങ്ങൾക്ക് ഇന്റർനെറ്റ്, ഡാറ്റ ചാർജുകളുടെ മുഴുവൻ തുകയും നൽകണം. നമ്മുടെ മിക്ക സംസ്ഥാനങ്ങളിലും ഡാറ്റാ റീചാർജിനായി പണം ലഭിക്കാൻ പോലും ഞങ്ങൾക്ക് പ്രതിഷേധിക്കേണ്ടിവന്നു. ഇപ്പോൾ പോലും, ഞങ്ങൾ യഥാർത്ഥത്തിൽ ചെലവഴിക്കുന്നതിനേക്കാൾ കുറവാണ് ഞങ്ങൾക്ക് ലഭിക്കുന്നത്.

സർ, ആരോഗ്യ മന്ത്രാലയവും സർക്കാരും ഞങ്ങളുടെ ജോലിയെ വിലമതിക്കാൻ തുടങ്ങിയാൽ അത് ശരിക്കും നല്ലതായിരിക്കും. നാം ആരോഗ്യസംരക്ഷണ സംവിധാനത്തിന്റെ അവിഭാജ്യ ഘടകമാണ്, പക്ഷേ ഞങ്ങൾക്ക് സ്വയം അധികൃതരായി തോന്നുന്നു.

ഏതൊരു സർക്കാർ ജീവനക്കാരനെയും പോലെ ഞങ്ങളെയും പരിഗണിക്കണം.

ശരിയാണ്. ഇന്ന് നമുക്കുള്ള പല അവകാശങ്ങളും വർഷങ്ങളുടെ പ്രതിഷേധത്തിന്റെയും നമ്മുടെ അവകാശങ്ങൾ ചോദിച്ചു വാങ്ങിയതിന്റെയും ഫലമാണ്.

ഞങ്ങൾ ചില അവകാശങ്ങൾ നേടിയിട്ടുണ്ട്, പക്ഷേ ഇനിയും ഒരുപാട് ദൂരം പോകാനുണ്ട്.

2 മാസത്തിന് ശേഷം

യഥാർത്ഥ ടീം വർക്കിലൂടെയാണ് യഥാർത്ഥ പുരോഗതി സംഭവിക്കുകയെന്ന് നിങ്ങൾ ഞങ്ങൾക്ക് കാണിച്ചുതന്നു. ഇനി, നിങ്ങളുടെ ഭാഗം കേൾക്കുകയും അതില് നടപടിയെടുക്കുകയും ചെയ്യേണ്ടത് ഞങ്ങളുടെ ജോലിയാണ്. നമുക്കൊരുമിച്ച് ഒരു ജനാധിപത്യ ഡിജിറ്റല് ഭാവി സൃഷ്ടിക്കാന് കഴിയും.

ആശാ വര്‍ക്ക് ഡിജിറ്റലൈസേഷന്റെ വിശദമായ ടൈംലൈൻ

മേഘാലയ

2019 — *NCD* [സാംക്രമികേതര രോഗങ്ങൾ]

വാട്ട്സപ്പ് — **2019**

2022 — ആശാ ഫസ്റ്റ് ആപ്പ്

UWIN ആപ്പ് — **2023**

2023 — *ABHA* കാർഡ്

2023 — *ABHA* ആപ്പ്

2023 — യൂവിന് ആപ്പ്

2021 — *PMJAY* ആപ്പ്

2021 — സൂം, മൈക്രോസോഫ്ട് ടീമുകൾ

2021 — *NCD-GoI* ആപ്പ്

2021 — *MDM360* ഷീൽഡ്

ഹരിയാന

2014 — എയർടെൽ സിം കാർഡ് (ഇന്റർനെറ്റ് പായ്ക്ക് ഇല്ലാതെ)

2017 — ദിവ്യാംഗ സർതി ആപ്പ് ഉപയോഗിച്ച് ഡിജിറ്റൽ സർവേ

2018 — വോഡഫോൺ സിം കാർഡ് (ഇന്റർനെറ്റ് പായ്ക്ക് ഇല്ലാതെ)

2019 — വാട്ട്സപ്പ്

2019 — മൊബൈൽ അക്കാദമി ആപ്പ്

2019 — കിൽകരി ആപ്പ്

2020 — ആഷാപേ ആപ്പ്

2021 — സിം കാർഡും ഇന്റർനെറ്റും ഉള്ള സ്മാർട്ട്ഫോണുകൾ

2008 — പിസിടിഎസ് പോർട്ടൽ [ഗർഭധാരണം, ചൈൽഡ് ട്രാക്കിംഗ്, ഹെൽത്ത് സർവീസ് മാനേജ്മെന്റ് സിസ്റ്റം]

2015 — ആശ സോഫ്റ്റ്

2015 — വാട്ട്സപ്പ്

2018–2019 — എൻസിഡി സർവേ [സാംക്രമികേതര രോഗങ്ങൾ]

2020 — കോവിഡ് ആശാ സർവേക്ഷൻ ആപ്പ്

2021 — *TB* സർവേ

2021 — ഫാമിലി പ്ലാനിംഗ് ആപ്പ്

2021 — ജൻ കല്യാൺ ആപ്പ്

2021–2022 — നിരോഗി രാജസ്ഥാൻ

2022–2023 — ആയുഷ്മാൻ ഭാരത്

2023 — ആശയ്ക്കുള്ള പിസിടിഎസ് ആപ്പ്

2023–2024 — *ABHA* കാർഡ്

2018 — വാട്ട്സപ്പ്

2020 — സൂം

2020 — ഒപിഡിയിൽ ഇ-സഞ്ജീവനി ടെലിമെഡിസിൻ സേവനങ്ങൾ

2021 — ഈസീമാന് സോഫ്റ്റ്വെയര്

2021 — ഇന്റർനെറ്റിനുള്ള ഫോൺ അലവൻസ് അംഗീകാരം

2021 — *UHID* (യൂണിക്ക് ആരോഗ്യ തിരിച്ചറിയല് കാർഡ്)

2022 — ഷൈലി ആപ്പ്

2022 — ഒപിഡികൾ (ഔട്ട് പേഷ്യന്റ് ഡിപ്പാർട്ട്മെന്റ്)

2023 — *ABHA* (ആയുഷ്മാൻ ഭാരത് ഹെൽത്ത് അക്കൗണ്ട് നമ്പർ)

കുറിപ്പുകൾ

ഈ കോമിക് **1 ദശലക്ഷം ആശാ വർക്കർമാർക്കും** അവരുടെഅവശ്യ കമ്മ്യൂണിറ്റി ഹെൽത്ത്കെയർ പ്രവർത്തനങ്ങൾക്കുമുള്ള ഒരുശ്രദ്ധാഞ്ജലിയാണ്.

ഐ.എസ്.എസ്.ടിയുടെ **"മുൻനിരകളിൽ ഡിജിറ്റലൈസേഷൻ: ഹരിയാന, രാജസ്ഥാൻ, കേരളം, മേഘാലയ എന്നിവിടങ്ങളിലെ ആശാ വർക്കർമാരുടെ അനുഭവങ്ങൾ"** എന്ന പഠനത്തെ അടിസ്ഥാനമാക്കി, ഹരിയാന, കേരളം, രാജസ്ഥാൻ, മേഘാലയ എന്നിവിടങ്ങളിൽ നിന്നുള്ള ആശാ വർക്കർമാരുടെ ശബ്ദങ്ങൾക്ക് കോമിക് ജീവൻ നൽകുന്നു. നേരിട്ടുള്ള ഉദ്ധരണികളെ അടിസ്ഥാനമാക്കിയുള്ള ദൃഷ്ടാന്തങ്ങൾ, പാർശ്വവത്കരിക്കപ്പെട്ട വനിതാ തൊഴിലാളികളുടെ വൈവിധ്യമാർന്ന ആവശ്യങ്ങളെ ടോപ്പ്-ഡൗൺ ഡിജിറ്റലൈസേഷൻ തന്ത്രങ്ങൾ പലപ്പോഴും അവഗണിക്കുന്നതെങ്ങനെയെന്ന് ഊന്നിപ്പറയുന്നു.

ഈ പ്രോജക്റ്റ്തൊഴിലാളി കേന്ദ്രീകൃതവും ഇന്റർസെക്ഷണൽവീക്ഷണവും വാഗ്ദാനംചെയ്യുന്നു, ഒപ്പം എത്രത്തോളംഉൾക്കൊള്ളുന്നുവെന്ന് പ്രതിഫലിപ്പിക്കുന്നു, പങ്കാളിത്ത സമീപനങ്ങൾകൂടുതൽ ലിംഗ-തുല്യ ഫലങ്ങളിലേക്ക് നയിക്കും.



നിർമ്മിച്ചത് ISST Institute of Social Studies Trust

സൃഷ്ടിച്ചത് BEHAN BOX

ഗവേഷണം: ശ്രീരൂപ, സ്നേഹ മക്കാട്

കൺസെപ്റ്റ്: ശ്രീരൂപ, ജാൻവി അന്ധാരിയ, ഭാനുപ്രിയ, മോണിക്ക ശർമ്മ, ദിവ്യ ഖന്ന

തിരക്കഥ: ഉർവി സാവന്ത്, ഭാനുപ്രിയ

ചിത്രം: ഉർവി സാവന്ത്

ISSTയെ കുറിച്ച്

1980 ൽ സ്ഥാപിതമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സ്റ്റഡീസ് ട്രസ്റ്റ് (ഐഎസ്എസ്ടി) ലിംഗഭേദം, തൊഴിൽ, ഉപജീവനമാർഗം എന്നിവയെക്കുറിച്ചുള്ള അറിവ് വളർത്തിയെടുക്കാൻ പ്രതിജ്ഞാബദ്ധമായ ഒരു ലാഭേച്ഛയില്ലാത്ത സംഘടനയാണ്. സിദ്ധാന്തവും പ്രയോഗവും തമ്മിലുള്ള പാലമായി പ്രവർത്തിക്കുന്ന ഐഎസ്എസ്ടി ജോലി, ക്ഷേമം, സാമൂഹിക നീതി എന്നിവയുടെ ലിംഗപരമായ മാനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഗവേഷണം, വിലയിരുത്തൽ, ശേഷി വികസനം എന്നിവയിലൂടെ ജെന്ററ് ട്രാന്സ്ഫോര്മെറ്റീവ് സമീപനങ്ങൾ ഉപയോഗിച്ച്, ഐഎസ്എസ്ടി നാല് പ്രധാന തീമുകളിൽ നയവും പ്രയോഗവും അറിയിക്കുന്നു: ലിംഗാധിഷ്ഠിത അക്രമവും ജോലിയും; അനൗപചാരികത, അപകടകരമായ ജോലി, പരിചരണം; ജോലിയുടെ ലിംഗഭേദവും ഡിജിറ്റലൈസേഷനും; ജോലിയുടെ ലോകത്തെ ശക്തിപ്പെടുത്തുന്ന സ്ത്രീകളും. കിഴക്കൻ ഡൽഹിയിലെ താഴ്ന്ന വരുമാനമുള്ള പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഐഎസ്എസ്ടിയുടെ സാതി, യുവ സാത്തി സെന്ററുകൾ രണ്ടര പതിറ്റാണ്ടിലേറെയായി കുട്ടികൾക്കും കൗമാരക്കാർക്കും സുരക്ഷിതമായ ഇടങ്ങൾ നൽകുകയും അവരുടെ പഠന യാത്രകളെ പിന്തുണയ്ക്കുകയും ലിംഗപരമായ കാഴ്ചപ്പാടും ഭരണഘടനാ മൂല്യങ്ങളും പരിചയപ്പെടുത്തുകയും ചെയ്യുന്നു.

ബെഹൻബോക്സിനെ കുറിച്ച്

ഇന്ത്യയിലെ സ്ത്രീകളെയും ലിംഗ വൈവിധ്യമുള്ള വ്യക്തികളെയും കുറിച്ച് ആഴത്തിലുള്ളതും ഡാറ്റാധിഷ്ഠിതവും ഗ്രൗണ്ട് റിപ്പോർട്ടുകളും നിർമ്മിക്കുന്ന അവാർഡ് നേടിയ, സ്ത്രീകളുടെ നേതൃത്വത്തിലുള്ള ഡിജിറ്റൽ കഥപറച്ചിൽ പ്ലാറ്റ്ഫോമാണ് ബെഹാൻബോക്സ്. സ്ത്രീകളുടെ മേൽ ഭരണകൂടത്തിന്റെയും സമൂഹത്തിന്റെയും പ്രത്യാഘാതങ്ങളും അവർ നയിക്കുന്ന വൈവിധ്യമാർന്ന ജീവിതങ്ങളും മനസിലാക്കാൻ ഞങ്ങൾ നിയമം, ഭരണം, നയം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഡാറ്റയും തെളിവുകളും ഉപയോഗിച്ച് സ്ത്രീകളുടെയും ബൈനറി ഇതര ആളുകളുടെയും ജീവിത യാഥാർത്ഥ്യങ്ങളെ വിവാഹം കഴിക്കാൻ ഞങ്ങളുടെ ജോലി നിരന്തരം ശ്രമിച്ചു. മാറ്റത്തെ സ്വാധീനിക്കുന്ന ലിംഗപരമായ പ്രശ്നങ്ങൾ മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്നതാണ് ഞങ്ങളുടെ ദൗത്യം.